# ഭരണഭാഷ - മാതൃഭാഷ

ടെലഫോൺ :2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനനന്തപുരം-10

നമ്പർ.6861/ഡി1-എസ്റ്റാ/മെഡി/2018/എൻ.സി.സി

09 മെയ് 2019

ഗ്രൂപ്പ് കമാൻഡർ/കമാൻഡിംഗ് ഓഫീസർ/
എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്/
യൂണിറ്റുകൾക്കും വേണ്ടി

സർ,

വിഷയം : എൻ.സി.സി എസ്റ്റാ - സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി(മെഡിസെപ്) സംബന്ധിച്ച് :-

സൂചന : (1) ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 6/5/2019-ലെ 41/2019/ധന നമ്പർ പരിപത്രം
(2) എൻ.സി.സി ഡയറക്ടറേറ്റ് കത്ത് നമ്പർ.6861/ഡി1-എസ്റ്റാ/മെഡി/2018/എൻ.സി.സി തീയതി 05.10.2018.
(3) എൻ.സി.സി ഡയറക്ടറേറ്റ് കത്ത് നമ്പർ.6861/ഡി1-എസ്റ്റാ/മെഡി/2018/എൻ.സി.സി തീയതി 11/04/2019.

1. സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) 01.06.2019 മുതൽ സർക്കാർ നടപ്പിൽ വരുത്താൻ തീരുമാനിച്ചു. സൂചന 1 പ്രകാരം എല്ലാ സർക്കാർ ജീവനക്കാർക്കും നിർദ്ദിഷ്ട പദ്ധതിയിൽ അംഗത്വം നിർബന്ധമാക്കിയിരിക്കുന്നു. ആയതിനാൽ പദ്ധതി യുടെ പ്രീമിയം തുകയായ 250/- രൂപ പദ്ധതി ആരംഭിക്കുന്ന മാസം മുതൽ കുറവ് വരു ത്തുന്നതായിരിക്കും.

2. അംഗത്വ അപേക്ഷകൾ സർക്കാരിലേക്ക് ലഭ്യമാക്കുന്ന മുറക്ക് മാത്രമേ പദ്ധതി യുടെ ആനുകൂല്യങ്ങൾ ലഭ്യമാവുകയുള്ളതിനാൽ താങ്കളുടെ കാര്യാലയത്തിൽ നിന്നു ഇതുവരെ വിവരങ്ങൾ നൽകിയിട്ടില്ലാത്തതും പുതിയതായി ജോലിയിൽ പ്രവേശിച്ചവ രിൽ നിന്നും സൂചന 2 പ്രകാരം ഉള്ള പെർഫോമയിൽ വിവരങ്ങൾ തയ്യാറാക്കി 16.05.2019 നകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

3. ഇത് ഒരു അടിയന്തര വിഷയമായി കണക്കാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഷറിൻ പി.റ്റി)
ജൂനിയർ സൂപ്രണ്ട്
നോഡൽ ഓഫീസർ (മെഡിസെപ്)
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

പകർപ്പ് :-
എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സുകൾക്കും

*